©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2020 ഫെബ്രുവരി 24<br>24th February 2020<br>1195 കുംഭം 11<br>11th Kumbham 1195<br>1941 ഫാൽഗുനം 5<br>5th Phalguna 1941 | നമ്പർ<br>No. 621 |


കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

സ.ഉ. (അ)നമ്പർ 10/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, *2020 ജനുവരി 28*
*1195 മകരം 14*

**എസ്. ആർ. ഒ. നമ്പർ 146/2020**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 146-ാം വകുപ്പ് (3)-ാം ഉപവകുപ്പ് 254-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂടിയാലോചിച്ചശേഷം, 1994 ജൂലൈ 7-ാം തീയതിയിലെ സ.ഉ(അ) 167/94/തസ്വഭവ എന്ന വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1994 ജൂലൈ 7-ാം തീയതിയിലെ 694-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 949/94-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന്, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്.-

ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.- (1) ഈ ചട്ടങ്ങൾക്ക് 2020-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങൾക്കുള്ള ഭേദഗതി</u>.- (1) 1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ,-

(i) ഫാറം 4-ലെ പട്ടികയിലെ ആദ്യ കോളത്തിലെ 3-ാം ഇനത്തിൽ "ലിംഗം" എന്ന വാക്കിന് പകരം "പുരുഷൻ/സ്ത്രീ/ട്രാൻസ്ജെൻഡർ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ii) രണ്ടാം കോളത്തിലെ 3-ാം ഇനത്തിനെതിരെ-യുള്ള "(ആൺ/പെൺ/മറ്റുള്ളവ)" എന്നീ വാക്കുകളും ബ്രാക്കറ്റും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്.

(2) ഫാറം 4 എ-ലെ, ഭാഗം 1-ന് ചുവടെ, ഇനം (ഇ)യിൽ "പുരുഷൻ/ സ്ത്രീ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "പുരുഷൻ/സ്ത്രീ/ ട്രാൻസ്ജെൻഡർ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് ഗവൺമെന്റ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ, അതിന്റെ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ഫാറം-4-ൽ "പേര് ഉൾപ്പെടുത്തുന്നതിനുള്ള അവകാശവാദ അപേക്ഷ"യിൽ അവകാശവാദിയുടെ വിവരങ്ങളിൽ "ആൺ/പെൺ/മറ്റുള്ളവ" എന്നാണ് ലിംഗഭേദം രേഖപ്പെടുത്തിയിട്ടുള്ളത്. നാഷണൽ ലീഗൽ സർവ്വീസ് അതോറിറ്റി ഓഫ് ഇന്ത്യ V യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസിലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 15.04.2014-ലെ വിധിന്യായപ്രകാരം ട്രാൻസ്ജെൻഡറുകളെ പുരുഷൻ/സ്ത്രീ എന്നതിന് പുറമേ മൂന്നാമതൊരു ലിംഗഭേദമായി അംഗീകരിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഫാറം 4-ൽ "മറ്റുള്ളവ"എന്ന് സൂചിപ്പിച്ചിരിക്കുന്നതിന് ഭേദഗതി വരുത്തേണ്ടത് ആവശ്യമാണ്. കൂടാതെ ഫാറം-4 എ പ്രവാസി ഭാരതീയ സമ്മതിദായകന്റെ അപേക്ഷയിൽ ഭാഗം 1, ഇനം (ഇ)യിൽ "പുരുഷൻ/സ്ത്രീ" എന്ന് മാത്രമാണ് അപേക്ഷന്റെ ലിംഗഭേദം സൂചിപ്പിച്ചിട്ടുളളത്. മേൽ പരാമർശിച്ച സുപ്രീം കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുരുഷൻ/സ്ത്രീ എന്നിവർക്ക് ഒപ്പം ട്രാൻസ്ജെൻഡറുകൾ എന്നു കൂടി ഫാറം-4 എ-യിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ഫാറം-4 ഉം ഫാറം-4 എ യും തമ്മിൽ ഇത് സംബന്ധിച്ച് ഐകരൂപ്യം ഉണ്ടാകേണ്ടതും ആവശ്യമാണ്. ഇതിലേക്ക് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by PRADEEP.V.S
Date:2020.02.24 08:28:06 +05:30